REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-08-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്ത് ഇന്ന് രക്ഷാബന്ധൻ ആഘോഷിക്കുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു ജനങ്ങൾക്ക് ആശംസ നേർന്നു.**
- **നേപ്പാളിലെ മിന്നൽ പ്രളയ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 389 ആയി - ഇതുവരെ 84 ഇന്ത്യക്കാരെ രക്ഷപ്പെടുത്തി.**
- **സാമൂഹിക പരിഷ്കർത്താവ് ശ്രീനാരായണ ഗുരുവിന്റെ 172-ാമത് ജയന്തി ആഘോഷം ഇന്ന്.**
- **ഓണം പൂജകൾ പൂർത്തിയാക്കി ശബരിമല നട ഇന്ന് രാത്രി 10 ന് അടയ്ക്കും.**
- **FIH വനിതാ ഹോക്കി ലോകകപ്പിൽ ഇന്ത്യയ്ക്ക് ചരിത്ര വിജയം.**

## വാർത്തകൾ വിശദമായി

രാജ്യത്ത് ഇന്ന് രക്ഷാബന്ധൻ ആഘോഷിക്കുന്നു. സാഹോദര്യ സ്നേഹത്തിന്റെയും ആത്മബന്ധത്തിന്റെയും പ്രതീകമായ രക്ഷാബന്ധൻ ദിനത്തിൽ സഹോദരിമാർ സഹോദരന്മാരുടെ കൈകളിൽ വർണ്ണാഭമായ രാഖി ചാർത്തുകയും അവരുടെ ഐശ്വര്യത്തിനും ആരോഗ്യത്തിനും ക്ഷേമത്തിനും പ്രാർത്ഥിക്കുകയും ചെയ്യും. സഹോദരിമാരെ സംരക്ഷിക്കുമെന്നും പിന്തുണയ്ക്കുമെന്നും വാഗ്ദാനം നൽകുന്ന സഹോദരന്മാർ, അവർക്ക് സമ്മാനങ്ങളും നൽകും.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുവും ലോക്സഭാ സ്പീക്കർ ഓം ബിർളയും രക്ഷാബന്ധൻ ദിനത്തിൽ ജനങ്ങൾക്ക് ആശംസ നേർന്നു.

പുരാതന കാലം മുതലേ രക്ഷാബന്ധ ആഘോഷം രാജ്യത്തിന്റെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും അവിഭാജ്യ ഘടകമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. സഹോദരീ സഹോദരന്മാർ തമ്മിൽ മാത്രമല്ല, കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും സമൂഹത്തിനും ഇടയിലെ സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും പരസ്പര ഉത്തരവാദിത്വത്തിന്റെയും പ്രതീകമായ സാമൂഹിക ഉത്സവമായി രക്ഷാബന്ധൻ മാറിയതായി രാഷ്ട്രപതി പറഞ്ഞു.

ലോക്സഭാ സ്പീക്കർ ഓം ബിർളയും രക്ഷാബന്ധൻ ദിനത്തിൽ ജനങ്ങൾക്ക് ആശംസ നേർന്നു. സഹോദരീ സഹോദരന്മാർ തമ്മിൽ പരസ്പര സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ആഘോഷമാണ് ഉത്സവമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

രണ്ടു ദിവസത്തെ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉസ്ബെക്കിസ്ഥാനിലെത്തും. ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷൗക്കത്ത് മിർസിയോയേ-വിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി താഷ്കന്റ് സന്ദർശിക്കുന്നത്. ഇരുരാജ്യങ്ങളും തമ്മിൽ തന്ത്രപ്രധാനമായ പങ്കാളിത്തം കൂടുതൽ ശക്തമാക്കൻ പ്രധാനമന്ത്രി ഉന്നതതല ചർച്ച നടത്തും. ഇത് നാലാം തവണയാണ് നരേന്ദ്ര മോദി ഉസ്ബെക്കിസ്ഥാൻ സന്ദർശിക്കുന്നത്.

✪✪✪

കേന്ദ്രമന്ത്രി നിർമ്മല സീതാരാമന്റെ ആറുദിവസത്തെ അമേരിക്കൻ സന്ദർശനം ഇന്ന് ആരംഭിക്കും. ചിക്കാഗോയിൽ പ്രമുഖ നിക്ഷേപകരുമായും സ്വകാര്യ മേഖലയിലെ പ്രമുഖ കമ്പനി CEO മാരുമായി വട്ടമേശ സമ്മേളനത്തിലും ഉഭയകക്ഷി ചർച്ചകളിലും നിർമ്മല സീതാരാമൻ പങ്കെടുക്കും. ആഷ്വില്ലെയിൽ അമേരിക്കൻ അധ്യക്ഷതയിൽ ചേരുന്ന G-20 ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും യോഗത്തിൽ ഇന്ത്യൻ സംഘത്തിന് നിർമ്മല സീതാരാമൻ നേതൃത്വം നൽകും. ആഗോള സാമ്പത്തിക വെല്ലുവിളികളും സാമ്പത്തിക സഹകരണവും യോഗത്തിൽ ചർച്ചയാകും.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 389 ആയി. 290 ഇന്ത്യൻ വിനോദ സഞ്ചാരികൾ ഉൾപ്പെടെ കാണാതായ ആയിരക്കണക്കിന് ആളുകൾക്കായി തിരച്ചിൽ തുടരുകയാണ്.

നേപ്പാളിൽ നിന്ന് ഇതുവരെ 84 ഇന്ത്യക്കാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇതിൽ ത്രിശൂലി-1 പദ്ധതിയിലെ 63 തൊഴിലാളികളും തമിഴ്നാട്ടിലെ 21 പേരും ഉൾപ്പെടുന്നുണ്ട്.

നേപ്പാളിന് 10 ലക്ഷം US ഡോളർ സാമ്പത്തിക സഹായം നൽകുമെന്ന് ശ്രീലങ്ക അറിയിച്ചു. പ്രതിസന്ധി ഘട്ടത്തിൽ നേപ്പാളിലെ ജനങ്ങൾക്കൊപ്പം ശ്രീലങ്ക ഉറച്ചുനിൽക്കുമെന്ന് പ്രസിഡന്റ് അനുര കുമാര ദിസനായകെ പറഞ്ഞു.

✪✪✪

രാജ്യത്തെ സാമ്പത്തിക ഉൾച്ചേർക്കലിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്ന, പ്രധാൻമന്ത്രി ജൻ ധൻ യോജന ഇന്ന് 12 വർഷം പൂർത്തിയാക്കുന്നു. 2014 ഓഗസ്റ്റ് 28-നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പദ്ധതിക്ക് തുടക്കം കുറിച്ചത്.

ജൻ ധൻ യോജനയ്ക്ക് കീഴിൽ ഇതുവരെ 59 കോടിയിലധികം അക്കൗണ്ടുകളാണ് ആരംഭിച്ചത്. ഇവയിലെ ആകെ നിക്ഷേപം 3.17 ലക്ഷം കോടി രൂപയാണ്. പദ്ധതിക്ക് കീഴിലെ അക്കൗണ്ടുകളിൽ 78 ശതമാനവും ഗ്രാമങ്ങളിലോ അർദ്ധ നഗരങ്ങളിലോ ആണെന്നും 56 ശതമാനം അക്കൗണ്ടുകളും സ്ത്രീകളുടെതാണെന്നും ധനകാര്യ മന്ത്രലയം അറിയിച്ചു.

ജൻ ധൻ അക്കൗണ്ട് ഉടമകൾക്കായി 41 കോടിയിലധികം 'റുപേ' കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാതി'ന്റെ 137-ാം പതിപ്പ് മറ്റന്നാൾ രാവിലെ 11-ന്. ആശയങ്ങളും നിർദേശങ്ങളും  നമോ App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഇന്ന് വരെ പങ്കുവയ്ക്കാം.

✪✪✪

സാമൂഹിക പരിഷ്കർത്താവ് ശ്രീനാരായണ ഗുരുവിന്റെ 172-ാമത് ജയന്തി ആഘോഷം ഇന്ന്. ശിവഗിരിയിൽ രാവിലെ ശ്രീനാരായണ ധർമ്മസംഘം, ട്രസ്റ്റ് പ്രസിഡന്റ്, സച്ചിദാനന്ദ സ്വാമി, ധർമ്മപതാക ഉയർത്തും. തിരുജയന്തി സമ്മേളനം രാവിലെ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരം ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ തിരുജയന്തി മഹാ സമ്മേളനം വൈകിട്ട് മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും. V.മുരളീധരൻ MLA അധ്യക്ഷത വഹിക്കും.

കേരളത്തിന്റെ നവോത്ഥാന നായകൻ അയ്യൻകാളിയുടെ ജന്മവാർഷിക ദിനവും ഇന്ന് ആഘോഷിക്കും. അയ്യങ്കാളി ജയന്തിയോട് അനുബന്ധിച്ചും സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന, ജന്മദിന സന്ദേശ സമ്മേളനങ്ങൾ തുടങ്ങി സംസ്ഥാനത്ത് വിവിധ പരിപാടികൾ നടത്തും.

✪✪✪

86-ാമത് ശ്രീനാരണഗുരു ട്രോഫി കന്നേറ്റി ജലോത്സവം ഉച്ചയ്ക്കു ശേഷം കരുനാഗപ്പള്ളി കന്നേറ്റിക്കായലിൽ നടക്കും. മന്ത്രി P.C വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് വിനോദ സഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ഓണം വാരാഘോഷ പരിപാടികൾ മറ്റന്നാൾ സമാപിക്കും. സമാപന സമ്മേളനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ മുഖ്യാതിഥിയാകും. തിരുവനന്തപുരത്ത് 35 വേദികളിലാണ് കലാ - സാംസ്ക്കാരിക പരിപാടികൾ പുരോഗമിക്കുന്നത്.

✪✪✪

35 ദിവസത്തിനിടെ സപ്ലൈകോയുടെ വിറ്റുവരവ് 433 കോടി 81 ലക്ഷം രൂപയായി. ജൂലൈ 22 മുതൽ ഓഗസ്റ്റ് 25 വരെ ലഭിച്ച കണക്കാണിത്.

കഴിഞ്ഞ വർഷം ഓണക്കാലത്ത് ഓഗസ്റ്റ് ഒന്നു മുതൽ സെപ്റ്റംബർ 4 വരെ വിറ്റുവരവ് 385 കോടി രൂപയായിരുന്നു. ഈ വർഷം ഓണം ഫെയറുകളിലും സപ്ലൈകോ വില്പന ശാലകളിലും തിരക്ക് വർദ്ധിച്ചതോടെ 433 കോടി 81 ലക്ഷം രൂപയുടെ വിറ്റുവരവ് നേടാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞു. ഏറ്റവും കൂടുതൽ വിറ്റു വരവ് നടന്നത് ഉത്രാട ദിനത്തിലാണ്- 27 കോടി 85 ലക്ഷം രൂപ.

✪✪✪

ഓണം പൂജകൾ പൂർത്തിയാക്കി ശബരിമല നട ഇന്ന് രാത്രി 10 ന് അടയ്ക്കും. കന്നിമാസ പൂജയ്ക്കായി അടുത്ത മാസം 16 ന് വൈകിട്ട് 5-ന് നട തുറക്കും.

✪✪✪

FIH വനിതാ ഹോക്കി ലോകകപ്പിൽ ഇന്ത്യയ്ക്ക് ചരിത്ര വിജയം. റാങ്കിംഗിൽ മുന്നിൽ നിൽക്കുന്ന ജർമ്മനിയെ 3-1 ന് പരാജയപ്പെടുത്തി, ഇന്ത്യ അഞ്ചാം സ്ഥാനം സ്വന്തമാക്കി. നെതർലൻഡ്സിലെ ആംസ്റ്റൽവീനിലായിരുന്നു മത്സരം. 1974-ലെ കന്നി ലോകകപ്പിൽ നാലാം സ്ഥാനം നേടിയ ശേഷം 52 വർഷത്തിനിടെ ഇന്ത്യയുടെ ഏറ്റവും മികച്ച ലോകകപ്പ് പ്രകടനമാണിത്.

✪✪✪

സെയ്ഷെൽസിൽ നിന്ന് ഉന്നതതല പ്രതിനിധി സംഘം കൊച്ചിയിലെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ കേന്ദ്രം സന്ദർശിച്ചു. സമുദ്രമത്സ്യ ഗവേഷണം, സുസ്ഥിര മത്സ്യബന്ധനം തുടങ്ങിയ മേഖലകളിൽ ഇന്ത്യയുമായി സഹകരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് സന്ദർശനം.

✪✪✪

മലപ്പുറം ജില്ലാ ശുചിത്വമിഷനും എക്കോ വേൾഡ് വേസ്റ്റ് മാനേജ്മെന്റ് LLP-യും സഹകരിച്ച് കോട്ടക്കുന്നിൽ നിർമ്മിച്ച ഏഷ്യയിലെ ഏറ്റവും വലിയ Waste to art പൂക്കളത്തിന്റെ ഉദ്ഘാടനം മന്ത്രി PK കുഞ്ഞാലിക്കുട്ടി വൈകിട്ട് കോട്ടക്കുന്നിൽ നിർവഹിക്കും. കോട്ടക്കുന്നിൽ ഒരുക്കിയിരിക്കുന്ന പൂക്കളം ഓഗസ്റ്റ് 31 വരെ പൊതുജനങ്ങൾക്ക് കാണാനാകും.

മലപ്പുറത്ത് നിന്ന് സുരേഷ് എടപ്പാൾ....

..........വോയ്സ്........

✪✪✪

അമർനാഥ് യാത്ര ഇന്ന് ജമ്മു കശ്മീരിൽ സമാപിക്കും.  ജൂലൈ 3-ന് ആരംഭിച്ച തീർത്ഥാടനമാണ് 57 ദിവസങ്ങൾക്കു ശേഷം ഇന്ന് പൂർത്തിയാകുന്നത്. മഹന്ത് ദീപേന്ദ്ര ഗിരിയുടെ നേതൃത്വത്തിൽ വിശുദ്ധ ചെങ്കോലായ 'ഛഡി മുബാറക്' പവിത്രമായ ഗുഹാക്ഷേത്രത്തിൽ എത്തുന്നതോടെയാണ് യാത്രയുടെ സമാപന ചടങ്ങുകൾ തുടങ്ങുക.  ഇത്തവണ 5 ലക്ഷത്തോളം ഭക്തരാണ് തീർത്ഥാടനം നടത്തിയത്.

✪✪✪

ഇന്നലെ അന്തരിച്ച പ്രമുഖ സാഹിത്യകാരൻ T.K.D മുഴപ്പിലങ്ങാടിന്റെ മൃതദേഹം ഉച്ചയോടെ കണ്ണൂർ മുഴപ്പിലങ്ങാട് പഞ്ചായത്ത് ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കും. റോഡപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന അദ്ദേഹം ഇന്നലെ പുലർച്ചയാണ് അന്തരിച്ചത്. മന്ത്രി സണ്ണി ജോസഫ് ഇന്നലെ രാത്രി മുഴപ്പിലങ്ങാട്ട് വീട്ടിലെത്തി മൃതദേഹത്തിൽ അന്ത്യാഞ്ജലി അർപ്പിച്ചു. മന്ത്രി PC വിഷ്ണുനാഥ്, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ എന്നിവരും അനുശോചനം രേഖപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം  തീരങ്ങളിലും കന്യാകുമാരി തീരത്തും വൈകീട്ട് 5.30 വരെ കടലാക്രമണ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി

പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.

✪✪✪

ചതയദിനമായ ഇന്ന് കോഴിക്കോട് ജില്ലയിൽ വിവിധ ഇടങ്ങളിൽ ശ്രീനാരായണ ഗുരുദേവന്റെ ദർശനങ്ങളും സന്ദേശങ്ങളും അനുസ്മരിച്ച് ഗുരുപൂജ, സമൂഹ പ്രാർത്ഥന, സമ്മേളനങ്ങൾ, ഘോഷയാത്ര, സാംസ്കാരിക പരിപാടികൾ എന്നിവ അരങ്ങേറും. ശ്രീകണ്ഠേശ്വര ക്ഷേത്രത്തിലെ ശ്രീ നാരായണ ഗുരു ജയന്തി സമ്മേളനം രാവിലെ K. ജയന്ത് MLA ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് ബീച്ച് റോഡിലും സമീപ പ്രദേശങ്ങളിലും നടപ്പാതകൾ കയ്യേറി നടത്തുന്ന അനധികൃത വാഹന പാർക്കിങ്ങിന് എതിരെ സിറ്റി പൊലീസ് നടപടി കർശനമാക്കുന്നു. നടപ്പാതകളിലും കാൽനട യാത്രക്കാർക്കായി നീക്കിവെച്ച സ്ഥലങ്ങളിലും വാഹനങ്ങൾ നിർത്തിയിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി.

നിയമം ലംഘിച്ച് പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് പിഴ ചുമത്തുന്നതിനൊപ്പം വാഹനം ക്രെയിൻ ഉപയോഗിച്ച് മാറ്റാനും നിയമ നടപടിസ്വീകരിക്കുമെന്ന് പൊലീസ് മുന്നറിയിപ്പ് നൽകി.

റോഡ് ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ വഴിയോര കച്ചവടങ്ങൾ നടത്തുന്നതിന് എതിരെയും പൊലീസ് കർശന നടപടിയെടുക്കും.

✪✪✪

*News Editor : ശ്രുതി എം*
*News Reader: അനുഷ ആത്മപ്രകാശ്*
*News Team: സാലിം*
*DEO : സി കെ സുബോധ്*